

# കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ (സെപ്റ്റംബർ 14)

വ്യത്യസ്തആരാധനക്രമപാരമ്പര്യങ്ങളിൽ നൂറ്റാണ്ടുകളിലൂടെ വളർന്ന് നിയതമായ ഒരു രൂപം പ്രാപിച്ചതാണ് വി.കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ. ക്രൈസ്തവലോകത്ത് കുരിശിന്റെ മഹത്ത്വവും ശക്തിയും പരക്കെ പ്രഖ്യാപിക്കപ്പെട്ടതിന്റെ തുടർച്ച എന്ന നിലയിൽ ഈ തിരുനാളിനെ കാണേണ്ടതുണ്ട്. സഭാചരിത്രകാരനായ എവുസേബിയൂസിന്റെ സാക്ഷ്യമനുസരിച്ച് മഹാനായ കോൺസ്റ്റന്റയിൻ ചക്രവർത്തിക്ക് (306-337) തന്റെ ശത്രുവായ മക്സെൻസിയൂസിനെ കുരിശിന്റെ അടയാളത്തിൽ യുദ്ധത്തിൽ തോല്പിക്കാൻ കഴിഞ്ഞു. യുദ്ധത്തിന്റെ തലേദിവസം കോൺസ്റ്റന്റയിൻ, ആകാശത്ത് കുരിശാകൃതിയിൽ തിളങ്ങുന്ന ഒരു പ്രകാശവും ഈ അടയാളത്തിൽ നീ വിജയിക്കും എന്ന ലിഖിതവും കണ്ടു. യുദ്ധത്തിന്റെ മുൻനിരയിൽ കുരിശടയാളം ഉയർത്തിപ്പിടിക്കാനും പടയാളികളുടെ പരിചകളിൽ കുരിശടയാളം ചേർത്തുവയ്ക്കാനും അദ്ദേഹം ആഹ്വാനം ചെയ്തു. ഏ.ഡി. 312-ലെ ഈ യുദ്ധം കോൺസറ്റന്റയിൻ ചക്രവർത്തിക്ക് വിജയം നേടിക്കൊടുത്തതോടെ കുരിശിന്റെ പ്രാഭവവും ശക്തിയും ഔപചാരികമായി അംഗീകരിക്കപ്പെട്ടു. 313-ലെ മിലാൻ വിളംബരത്തോടെ ക്രൈസ്തവസഭയ്ക്ക് കോൺസറ്റന്റയിൻ ചക്രവർത്തി സ്വാതന്ത്ര്യം നല്കി.

ക്രോണിക്കോൺ പാസ്ക്കാലെ എന്നറിയപ്പെടുന്ന അലക്സാണ്ട്രിയൻ ക്രോണിക്കിൾ അനുസരിച്ച് 320 സെപ്റ്റംബർ 14-ാം തീയതി ഹെലേന രാജ്ഞി ജറുസലെമിൽ കർത്താവിന്റെ കുരിശ് കണ്ടെത്തി. 335 സെപ്റ്റബർ 13-ാം തീയതി ജറുസലേമിലെ ഗാഗുൽത്തായിൽ കുരിശിന്റെ ദൈവാലയവും ഉത്ഥാനത്തിന്റെ ദൈവാലയവും പ്രതിഷ്ഠിക്കപ്പെട്ടു. അടുത്തദിവസം അതായത് സെപ്റ്റബർ 14-ാം തീയതി ഹെലേന രാജ്ഞി കണ്ടെത്തിയ കുരിശ് വിശ്വാസികളുടെ പരസ്യവണക്കത്തിന്വേണ്ടി ആഘോഷപൂർവം പ്രതിഷ്ഠിക്കപ്പെട്ടു. കുരിശ് കണ്ടെത്തൽ, ദൈവാലയങ്ങളുടെ പ്രതിഷ്ഠ, പൊതുവണക്കത്തിനായുള്ള കുരിശിന്റെ പ്രതിഷ്ഠ എന്നീ സംഭവ

ങ്ങളുടെല്ലാം വാർഷികസ്മരണ ക്രമേണ ഒരു തിരുനാളായി വളർന്നുവന്നു. അഞ്ചാം നൂറ്റാണ്ടിൽ കോൺസ്റ്റാന്റി നോപ്പിളിലും ഏഴാം നൂറ്റാണ്ടിന്റെ ഒടുവിൽ റോമിലും ഈ തിരുനാൾ ആഘോഷിച്ചിരുന്നതായി കാണാം.

ജറുസലെമിലെയും കോൺസ്റ്റാന്റിനോപ്പിളിലെയും റോമിലെയും സഭകളിൽ സെപ്റ്റമ്പർ 14-ാം തീയതി കുരി ശിന്റെ ഈ തിരുനാൾ ആഘോഷിച്ചിരുന്നു. കർത്താവിന്റെ കുരിശിന്റെ തിരുശേഷിപ്പുകൾ ഉണ്ടായിരുന്ന ഈ സഭകളിൽ തിരുനാളിനോടനുബന്ധിച്ച് വിശ്വാസികൾക്കുമുമ്പിൽ കുരിശിന്റെ തിരുശേഷിപ്പ് ആഘോഷമായി ഉയർത്തുന്ന പതിവുണ്ടായിരുന്നു. ഒരു പക്ഷേ ഈ അനുഷ്ഠാനമാകാം 'കുരിശിന്റെ പുകഴ്ച' എന്ന നാമ ധേയത്തിന് കാരണഭൂതമായത്. പേർഷ്യക്കാർ കൈവശപ്പെടുത്തിയിരുന്ന വി.കുരിശിനെ 628-ൽ ഹെറാക്ലി യൂസ് ചക്രവർത്തി വീണ്ടെടുത്തുകൊണ്ടുവന്നുവെന്ന പാരമ്പര്യവും കുരിശിന്റെ പുകഴ്ചയുടെ തിരുനാളിന് ഹേതുവായി പറയുന്നുണ്ട്. ജറുസലേം, കോൺസ്റ്റാന്റിനോപ്പിൾ സഭകളിൽ ആചരിച്ചുപോന്ന തിരുനാളായി രിക്കാം പൗരസ്ത്യസുറിയാനിപാരമ്പര്യത്തിലും സ്ഥാനംപിടിച്ചത്. പരിശുദ്ധവും ആരാധ്യവുമായ സ്ലീവായുടെ തിരുനാൾ എന്നാണ് പൗരസ്ത്യസുറിയാനിപാരമ്പര്യത്തിൽ ഈ തിരുനാൾ അറിയപ്പെടുന്നത്. കുരിശിന്റെ സ്വർഗീയമഹത്ത്വത്തെ ഉദ്ഘോഷിക്കുന്ന ഒരു തിരുനാളായിട്ടാണ് പൗരസ്ത്യസുറിയാനിപാരമ്പര്യം വി.കുരി ശിന്റെ തിരുനാളിനെ കാണുന്നത്. ഇന്ന് സീറോമലബാർക്രമത്തിൽ വി.കുരിശിന്റെ പുകഴ്ചയുടെ തിരുനാളെന്ന് ഈ തിരുനാളിനെ വിളിക്കുമ്പോൾ സ്വർഗീയമഹത്ത്വത്തിൽ വിരാജിക്കുന്ന കുരിശിന്റെ തിരുനാളെന്ന് നാം മന സ്സിലാക്കണം.

പൗരസ്ത്യസുറിയാനിആരാധനാവത്സരത്തിൽ യുഗാന്ത്യത്തെയും കർത്താവിന്റെ രണ്ടാമത്തെ വരവിനെയും അന്ത്യവിധിയെയും അനുസ്മരിക്കുന്ന ഏലിയാ മൂശെ കാലങ്ങൾക്കിടയിലാണ് സ്ലീവായുടെ സവിശേഷ യോർമയാചരിക്കുന്ന സ്ലീവായുടെ തിരുനാളും കാലവും വരുന്നത്. ആരാധനാവത്സരത്തിലെ കാലഗണനയിൽ ഏലിയാ-സ്ലീവാ ഒരു കാലമായിട്ടാണ് പരിഗണിക്കുന്നത്. യുഗാന്ത്യത്തിലെ കർത്താവിന്റെ രണ്ടാമത്തെ ആഗമന വും വിധിയുമൊക്കെ സ്വർഗീയമഹത്ത്വമണിഞ്ഞ സ്ലീവായോട് അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. പൗരസ്ത്യ സുറിയാനി യാമപ്രാർഥനകളിൽ വിശുദ്ധസ്ലീവായുടെ തിരുനാൾ ദിനത്തിലെ ഓനീസാ ദ്ലെലിയ അന്ത്യവിധി യോടനുബന്ധിച്ച് സ്ലീവായ്ക്കുള്ള മഹത്ത്വമെന്തെന്ന് പ്രകീർത്തിക്കുന്നുണ്ട്.

''വിധിദിവസം വന്നണയുമ്പോൾ
തന്റെ വിശുദ്ധർക്കായ് സ്ലീവാ
വെളിവായിടും മഹിമയോടെ.
സ്വർഗത്തിൽ തൻ മണവറയിൽ
സ്തുതിഗീതങ്ങൾ പാടീടാൻ
യോഗ്യതയേകീടും.''

കുരിശിന്റെ അടയാളത്തിൽ കോൺസറ്റന്റയിൻ വിജയിച്ചതും പിന്നീട് ഹെലേന രാജ്ഞി കർത്താവിന്റെ കുരിശ് കണ്ടെത്തിയതുമായ കാര്യങ്ങളെ പൗരസ്ത്യസുറിയാനി പാരമ്പര്യത്തിലും അനുസ്മരിക്കുന്നുണ്ട്. ഇക്കാര്യ ങ്ങളെ സംബന്ധിച്ച് ജറുസലേം, കോൺസ്റ്റാന്റിനോപ്പിൾ പാരമ്പര്യങ്ങൾ പൗരസ്ത്യസുറിയാനിപാരമ്പര്യത്തി ലേക്ക് സ്വീകരിക്കപ്പെട്ടു എന്നുവേണം കരുതാൻ. സ്ലീവായുടെ പുകഴ്ചയുടെ തിരുനാളിലെ റംശാ നമസ്ക്കാ രത്തിലെ ഓനീസാ ദക്ദ്മത്തിൽ കുരിശ് കണ്ടെത്തിയതിനെക്കുറിച്ച് വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. ഈ ദിവ സത്തെ ലെലിയായുടെ കാറോസൂസായിൽ ഹെലേന രാജ്ഞി ജറുസലെമിൽ കർത്താവിന്റെ സ്ലീവാ കണ്ടെ ത്തിയെന്ന് പ്രഘോഷിക്കുന്നു. കോൺസ്റ്റന്റയിൻ ആകാശത്ത് ദർശിച്ച കുരിശടയാളത്തെക്കുറിച്ചും സൈന്യ ത്തിന്റെ മുൻനിരയിൽ നിലകൊണ്ട സ്ലീവായുടെ ശക്തിയാൽ യുദ്ധത്തിൽ വിജയം നേടിയതിനെക്കുറിച്ചും റംശാനമസ്ക്കാരത്തിലെ ഓനീസാ ദ്റംശയിൽ പ്രകീർത്തിക്കുന്നുണ്ട്.

ഏലിയ മൂശെക്കാലങ്ങളിൽ കർത്താവിന്റെ രണ്ടാമത്തെ വരവ്, അന്തിമവിധി എന്നിവയെ അനുസ്മരിക്കുന്ന തിന്റെ കേന്ദ്രസ്ഥാനത്തായി സ്ലീവായെ പ്രതിഷ്ഠിക്കുന്നതിലൂടെ കർത്താവിന്റെ മഹത്ത്വപൂർണമായ സ്ലീവായാ ണ് രക്ഷയുടെ അച്ചാരമെന്ന് സഭ ഏറ്റുപറയുന്നു. തിരുനാളിലെ ഓനീസാ ദ്റംശ സ്ലീവായുടെ ഭരണം വിണ്ണിലും മന്നിലും നിലനില്ക്കുന്നുവെന്നും, സ്ലീവാ സ്വർഗതലത്തിൽ ശോഭിക്കുന്നുവെന്നും, വിണ്ണിൽ വാഴുന്ന സ്ലീവായാ ലാണ് മനുഷ്യവംശം അനുരഞ്ജിതരായതെന്നും ഉദ്ഘോഷിക്കുന്നു.

സീറോമലബാർ ആരാധനക്രമകമ്മീഷൻ,
മൗണ്ട് സെന്റ് തോമസ് കാക്കനാട്
10.09.2020.

ഫാ.പോളി മണിയാട്ട്